

# സ്നേഹദാത

റവ.ഡോ. ജോസഫ് വട്ടക്കളം

"ദൈവകൃപ നിറഞ്ഞവളേ സ്വസ്തി! കർത്താവു നിന്നോടുകൂടെ"

-ലൂക്കാ 1: 29



# സ്നേഹതാത

റവ.ഡോ. ജോസഫ് വട്ടക്കളം

Rs. 5/-

# സ്നേഹതാര

**ആമുഖം**

1913 ൽ വൈദ്യശാസ്ത്രത്തിൽ നോബൽ സമ്മാനം നേടിയ അതി പ്രശസ്തനായ ഡോക്ടറാണ് അലക്സിസ് കാരൽ. അക്കാലത്ത് അദ്ദേഹം കടുത്ത നിരീശ്വരവാദിയായിരുന്നു. ഒരിക്കൽ ക്ഷയരോഗം ബാധിച്ചു മരണാസന്നയായ ഒരു പെൺകുട്ടിയെ അവളുടെ മാതാപിതാക്കൾ അദ്ദേഹത്തിന്റെ അടുത്തു ചികിത്സയ്ക്ക് കൊണ്ടുചെന്നു. വിശദമായ പരിശോധനയ്ക്കുശേഷം ഡോക്ടർ പ്രസ്താവിച്ചു മേരിയെ സുഖപ്പെടുത്താൻ വൈദ്യശാസ്ത്രത്തിന് സാദ്ധ്യമല്ല. പരിശുദ്ധകന്യാമറിയത്തിന്റെ മാദ്ധ്യസ്ഥശക്തിയിൽ അനന്യമായി വിശ്വാസമുണ്ടായിരുന്ന ആ മാതാപിതാക്കൾ നിരാശരാകാതെ മേരിയെ ലൂർദ്ദിൽ കൊണ്ടുപോയി പ്രാർത്ഥിക്കുവാൻ തീരുമാനിച്ചു. ഈ വിവരം ഡോക്ടറോടു പറയുകയും ചെയ്തു.

ഡോക്ടർക്ക് വലിയ ജിജ്ഞാസയായി. ലൂർദ്ദിൽ എന്തു സംഭവിക്കുന്നുവെന്നു തനിക്കു നേരിൽകാണണം. അതിനായി അദ്ദേഹം മേരിയോടും അവളുടെ മാതാപിതാക്കളോടുമൊപ്പം ലൂർദ്ദിലേയ്ക്ക് യാത്രയായി. അവർ ലൂർദ്ദിലെത്തി. കുട്ടിയെ മാതാവിന്റെ മാദ്ധ്യസ്ഥത്തിന് സമർപ്പിച്ച് മാതാപിതാക്കൾ പ്രാർത്ഥന തുടങ്ങി. കുട്ടിയെ കൂടെകൂടെ പരിശോധിച്ചുകൊണ്ട് കാരൽ അവളുടെ അടുത്തുതന്നെ സമയം ചെലവഴിച്ചു. ദിവ്യകാരുണ്യം എഴുന്നള്ളിച്ചു വച്ചുകൊണ്ട് രോഗികൾക്കുവേണ്ടി നടത്തുന്ന പ്രത്യേക പ്രാർത്ഥന കഴിഞ്ഞയുടനെ മേരി ചാടിയെഴുന്നേറ്റു. അവളുടെ ശരീരത്തിൽ നിന്നു ചോർന്നുപോയ ശക്തിയെല്ലാം അവൾക്കു തിരിച്ചുകിട്ടി. അവിശ്വാസിയായിരുന്ന ഡോക്ടർ അത്ഭുതസ്തിമിതനായി.

അദ്ദേഹം മേരിയെ വിശദ പരിശോധനകൾക്കു വിധേയയാക്കി. രോഗലക്ഷണമൊന്നും തന്നെ അവളിൽ അദ്ദേഹത്തിനു കാണാൻ കഴിഞ്ഞില്ല. സംശയ നിവാരണത്തിനായി മറ്റു പല വിദഗ്ദ്ധ ഡോക്ടർമാരെ കൊണ്ടുവന്ന് അവരെക്കൊണ്ടും മേരിയെ പരിശോധിപ്പിച്ചു. അവർക്കാർക്കും ക്ഷയത്തിന്റെ നേരിയ ലക്ഷണം പോലും അവളിൽ കാണാൻ കഴിഞ്ഞില്ല. നിരീശ്വരവാദിയായിരുന്ന ഡോ. അലക്സിസ് കാരൽ പൊട്ടിക്കരഞ്ഞുകൊണ്ട് പൊന്നുതമ്പുരാനോടു മാപ്പു ചോദിച്ചു. അയാൾ തന്റെ എല്ലാ പാപങ്ങളെക്കുറിച്ചും അനുതപിച്ചു. യഥാർത്ഥ ക്രൈസ്തവവിശ്വാസത്തിലേയ്ക്ക് അദ്ദേഹം കടന്നു വന്നു. ഒപ്പം മാതാവിന്റെ വലിയ ഭക്തനായി അദ്ദേഹം മാറുകയും ചെയ്തു.

**മറിയം, ദൈവം തന്നെ പ്രവചിച്ച വ്യക്തി**

പഴയ നിയമ പുതിയ നിയമ ഗ്രന്ഥങ്ങളുൾപ്പെടുന്ന വേദപുസ്തകവും പൂജ്യപാരമ്പര്യവും പരിശുദ്ധ കന്യകാമറിയത്തിന് മനുഷ്യ രക്ഷാപദ്ധതിയിലുള്ള അഗ്രഗണ്യസ്ഥാനം പ്രകടമായി പ്രകാശിപ്പിക്കുകയും പ്രഖ്യാപിക്കുകയും ചെയ്യുന്നു. രക്ഷയുടെ ചരിത്രവും രക്ഷകന്റെ വരവിലുള്ള ക്രമാനുഗതമായ ഒരുക്കവുമാണ് പഴയ നിയമത്തിലെ പ്രതിപാദ്യം. ബാക്കിയുള്ള പ്രവചനങ്ങൾ മറ്റൊരു ഘട്ടത്തിൽ പ്രതിപാദ്യമാക്കാൻ വിട്ടിട്ട് ദൈവത്തിന്റെ ആദ്യത്തെ പ്രവചനം, രക്ഷകനെക്കുറിച്ചുള്ള വാഗ്ദാനം മാത്രം ഇവിടെ ഉദ്ധരിക്കാം. മറിയത്തിന്റെ പരമോന്നത സ്ഥാനവും ഈ പ്രവചനം സുതരാം വ്യക്തമാക്കുന്നു. "നീയും സ്ത്രീയും തമ്മിലും നിന്റെ സന്തതിയും അവളുടെ സന്തതിയും തമ്മിലും ഞാൻ ശത്രുത ഉളവാക്കും. അവൻ നിന്റെ തലതകർക്കും" (ഉൽപ 3:15)

പാവന ജനനീ പരലോക രാജ്ഞീ
പരമപിതാവിന്റെ പ്രിയപുത്രീ
ഏഴകൾ ഞങ്ങൾ കേണുവിളിക്കുമ്പോൾ
അഭയം നല്കണമേ
കർത്താവിൻ ദാസിയാം മേരി
തിരുഹിതം കൈക്കൊണ്ട നാഥേ
കണ്ണീരിൻ നടുവിലും തിരുമാനസമറിയാൻ
വരവും കൃപയും നീ തരണേ
കുരിശിൽ പിടയുന്ന നാഥൻ
മാനവർക്കേകിയൊരമ്മേ
കദനം നിറയുമീ ജീവിതയാത്രയിൽ
താങ്ങായ് തണലായ് നീ വരണേ

പിതാവായ ദൈവം പരാമർശിക്കുന്ന ഈ സ്ത്രീ തന്നെയാണ് തന്റെ അമ്മയെന്നു വ്യക്തമാക്കാൻ തന്റെ ആദ്യത്തെ അത്ഭുതത്തിനു കാരണക്കാരിയായ തന്റെ അമ്മയെ 'സ്ത്രീ' എന്ന് കന്യാതനയൻ സംബോധന ചെയ്തു. പ്രസക്തഭാഗം ഇവിടെ ഉദ്ധരിക്കുന്നു: "മൂന്നാം ദിവസം ഗലീലിയിലെ കാനായിൽ ഒരു വിവാഹ വിരുന്നു നടന്നു. യേശുവിന്റെ അമ്മ അവിടെ ഉണ്ടായിരുന്നു. യേശുവും ശിഷ്യന്മാരും വിരുന്നിനു ക്ഷണിക്കപ്പെട്ടിരുന്നു. അവിടെ വീഞ്ഞു തീർന്നു പോയപ്പോൾ യേശുവിന്റെ അമ്മ അവിടുത്തോടു പറഞ്ഞു: അവർക്കു വീഞ്ഞില്ല. ഈശോ അവളോടുപറഞ്ഞു : സ്ത്രീയേ, എനിക്കും നിനക്കും എന്ത്? എന്റെ സമയം ഇനിയും ആയിട്ടില്ല. (പക്ഷേ) അവന്റെ അമ്മ പരിചാരകരോടു പറഞ്ഞു : അവൻ നിങ്ങളോടു പറയുന്നതുപോലെ ചെയ്യുവിൻ. യഹൂദരുടെ ശുദ്ധീകരണത്തിനുള്ള വെള്ളം നിറയ്ക്കുന്ന ആറു കൽഭരണികൾ അവിടെ ഉണ്ടായിരുന്നു. ഓരോന്നിലും രണ്ടോ മൂന്നോ അളവു

കൊള്ളുമായിരുന്നു. ഭരണികളിൽ വെള്ളം നിറയ്ക്കുവിൻ എന്ന് യേശു അവരോടു കൽപ്പിച്ചു. അവർ അവയെല്ലാം വക്കോളം നിറച്ചു. ഇനി പകർന്നു കലവറക്കാരന്റെ അടുത്തുകൊണ്ടുചെല്ലുവിൻ എന്ന് അവിടുന്നു പറഞ്ഞു. അവർ അപ്രകാരം ചെയ്തു. കലവറക്കാരൻ വീഞ്ഞായി മാറിയ ആ വെള്ളം രുചിച്ചു നോക്കി. അത് എവിടെ നിന്നെന്ന് അവൻ അറിഞ്ഞിരുന്നില്ല. എന്നാൽ, വെള്ളം കോരിയ പരിചാരകർ അത് അറിഞ്ഞിരുന്നു. യേശു തന്റെ മഹത്ത്വം വെളിപ്പെടുത്തുന്നതിനു പ്രവർത്തിച്ച അടയാളങ്ങളുടെ ആരംഭമാണ്, ഗലീലിയിലെ കാനായിൽ ചെയ്ത ഈ അത്ഭുതം. അവന്റെ ശിഷ്യന്മാർ അവനിൽ വിശ്വസിച്ചു." (യോഹ. 2:1-11)

ദുഃഖിതരുടെ ആശ്വാസവും
പീഡിതരുടെ ആലംബവും
വ്യാകുല മാതാവേ അമ്മേ
ഞങ്ങൾക്കായ് പ്രാർത്ഥിക്കേണമേ (ദുഃഖിതരുടെ ..........)
കാനായിലെന്ന പോലമ്മേ
മധ്യസ്ഥതയും മാതൃകയും (2)
ഞങ്ങൾ തൻ ആശ്വാസമേ
സ്നേഹത്തിന്നുറവിടമാം അമ്മേ
സ്വസ്തി... സ്വസ്തി...
വ്യാകുലമാതാവേ സ്വസ്തി (2) (ദുഃഖിതരുടെ............)
യേശുവിൻ വഴിയിലൂടെ അമ്മേ
വിശ്വാസവും പ്രത്യാശയും
നൽകി നീ കൃപയേകണേ
സഹനത്തിൻ മാതൃകയാം അമ്മേ (സ്വസ്തി...) (ദുഃഖിതരുടെ............)
യേശുവിൻ വഴിയിലൂടെ അമ്മേ
വിശ്വാസവും പ്രത്യാശയും
നൽകി നീ കൃപയേകണേ
സഹനത്തിൻ മാതൃകയാം അമ്മേ (സ്വസ്തി...) (ദുഃഖിതരുടെ............)

രക്ഷാകരമായ കർമ്മത്തിൽ അമ്മയ്ക്കുള്ള സഹകരണ ദൗത്യവും തന്റെ രക്ഷണീയ വേലയിൽ തന്റെ അമ്മയോടു തനിക്കുള്ള കടപ്പാടും ഒപ്പം പരിശുദ്ധ അമ്മയ്ക്ക് തിരുസുതസമക്ഷമുള്ള മാദ്ധ്യസ്ഥ ശക്തിയും സുതരാം സ്പഷ്ടമാക്കുന്നതാണല്ലോ കാനായിൽ വെള്ളം വീഞ്ഞാക്കുന്ന സംഭവം.

അമ്മേ മാതാവേ (2).
ജപമാലരാജ്ഞിയായ് വാഴുന്നളെ
നിൻനാമം മഹത്വമാകേണം
ലോകം മുഴുവൻ നിറയട്ടെ നിൻനാമം
പാടി നമിക്കുന്നു കുഞ്ഞുമക്കൾ
ലോകത്തിൻ സുഖങ്ങളിൽ വീഴാതെ ഞങ്ങളെ
കാത്തരുളീടണമമ്മേ

കാത്തരുളീടണേ അമ്മേ!

**ക്രിസ്തു ഏക മദ്ധ്യസ്ഥൻ, മറിയം സഹരക്ഷക.** ഇവിടെ ഒരു കാര്യം പ്രത്യേകം എടുത്തു പറയേണ്ടതുണ്ട്. അപ്പസ്തോലന്റെ വാക്കുകളിൽ നിന്നു നാം മനസ്സിലാക്കുന്നതുപോലെ നമുക്കൊരു മദ്ധ്യസ്ഥനേയുള്ളൂ. ദൈവം ഒരുവനേയുള്ളൂ. ദൈവത്തിനും നമുക്കുമിടയിലുള്ള മദ്ധ്യസ്ഥനും ഒന്ന്. നമ്മുടെയെല്ലാവരുടെയും വീണ്ടെടുപ്പിനു വിലയായി സ്വയം നൽകിയ ദൈവവും മനുഷ്യനുമായ യേശുക്രിസ്തു (1തിമോ.2:5-6) അതുല്യമാണ് അവിടുത്തെ ഈ മാദ്ധ്യസ്ഥ്യം. എന്നാൽ ഈ സത്യം സഹരക്ഷകയെന്ന നിലയിൽ മറിയത്തിനു മനുഷ്യരുടെ നേർക്കുള്ള കടമ അവ്യക്തമാക്കുകയോ പരിമിതപ്പെടുത്തുകയോ ചെയ്യുന്നില്ല. മറിച്ച് അതിന്റെ ശക്തി വെളിപ്പെടുത്തുകയും പൂർവ്വാധികം വ്യക്തമാക്കുകയുമാണ് ചെയ്യുന്നത്. മനുഷ്യ രക്ഷയിൽ അമ്മമാതാവിനുള്ള പങ്ക് ദൈവം തന്നെ അവൾക്കു സമ്മാനിച്ചതാണ് (ഉൽപ.3:15) അമ്മ സഹരക്ഷകയായിരിക്കണമെന്നുള്ളത് അഖിലേശന്റെ അവിതർക്കിതമായ തീരുമാനമാണ്. മറിയത്തിന്റെ മാദ്ധ്യസ്ഥ്യത്തിന്റെ പ്രഭവസ്ഥാനം യേശു തമ്പുരാന്റെ യോഗ്യതകൾ തന്നെ. മറിയത്തിന്റെ മാദ്ധ്യസ്ഥത്തിന്റെ അടിസ്ഥാനവും ശക്തിയും ഈശോയും ഈശോയുടെ മാദ്ധ്യസ്ഥ്യവുമാണ്. വിശ്വാസികൾക്ക് യേശുവുമായി നേരിട്ടുണ്ടായിരിക്കേണ്ട ഐക്യത്തിനു മാതാവിന്റെ മാദ്ധ്യസ്ഥ്യവും സ്വാധീനവും വഴിതെളിക്കുകയും എളുപ്പമാക്കുകയും പരിപോഷിപ്പിക്കുകയും സ്ഥിരപ്പെടുത്തുകയുമാണ് ചെയ്യുക. Through Mary to Jesus. ഈ വഴി സുനിശ്ചിതവും സർവ്വശക്തവും അപ്രമാദവുമാണ്.

കാൽവരിമലയിൽ സുതനോടൊപ്പം
സഹരക്ഷകയായെന്നമ്മേ (2)
അണയുന്നീ മക്കൾ നിൻ സവിധേ
നിറകണ്ണുകളോടെ നിൻ സവിധേ (2)
അമ്മേ ........................
തിരുക്കച്ചയാൽ പൊതിയേണമേ (2)
മാതൃസ്നേഹത്തിൻ നറുമണം എന്നിൽ
തൂകേണമേ....... അമ്മേ തൂകേണമേ (2)
സഹനത്തിൻപാതയിൽ സാക്ഷ്യമാകാതെ
കണ്ണീർതൂകി ഞാൻ നിന്നിടുമ്പോൾ (2)
അമ്മേ ........................
ബലിവേദിയിൽ അപ്പമായ്
സഹനത്തിൻ കാസയായ്
ബലിയർപ്പിക്കാനായ് അണയുന്നേരം (2)
അമ്മേ ........................
ഹൃദയത്തിൽ വചനം മാംസം ധരിക്കാതെ
പാഴായി പോയൊരു നാളുകളിൽ(2)
അമ്മേ ........................ (കാൽവരി....)

**മാനവരാശിയുടെ മാതാവ് :** ദൈവവചനം മനുഷ്യനായി അവതരിക്കണമെന്ന് അഖിലേശപരിപാലന അനാദിയിൽ തിരുവുള്ളമായപ്പോൾ പരിശുദ്ധ കന്യാമറിയത്തെ തിരുസുതന്റെ മാതാവായി അവിടുന്നു തെരഞ്ഞെടുത്തു. അതേ പരിപാലനയുടെ ക്രമീകരണം വഴി അവൾ ലോകത്തിന്റെ ദിവ്യരക്ഷകന്റെ വത്സലമാതാവും അതുല്യമാംവിധം ഉത്കൃഷ്ട സഹപ്രവർത്തകയും കർത്താവിന്റെ എളിയ ദാസിയുമായി വിരാജിച്ചു. ദേവാലയത്തിൽ വച്ചു പിതാവിനു സ്വസുതനെ സമർപ്പിക്കുകയും ഈശോ കുരിശിൽ പിടഞ്ഞു മരിച്ചപ്പോൾ അവിടുത്തെ പീഡകളോടു സ്വയം യോജിക്കുകയും ചെയ്തു. തന്റെ അനുസരണം, വിശ്വാസം, ശരണം, ജ്വലിക്കുന്ന പരസ്നേഹം എന്നിവ വഴി തികച്ചും അനിതരസാധാരണമായ വിധത്തിൽ ആത്മാക്കൾക്ക് അതിസ്വാഭാവിക ജീവൻ നേടിക്കൊടുക്കാനുള്ള രക്ഷകദൗത്യത്തിൽ പരിശുദ്ധ അമ്മ സഹകരിച്ചു. അങ്ങനെ പ്രസാദവര മണ്ഡലത്തിൽ അവൾ മാനവരാശിയുടെ മാതാവായി തീർന്നിരിക്കുന്നു.

വിശുദ്ധയായ് ജീവിച്ച അമ്മ
ലോകമാതാവായി ഉയർന്നു.
മറന്നു വേദന സർവ്വം സഹിച്ചു.
സ്നേഹാഗ്നി ജപമാലയായ് മാറിയ അമ്മ
കരയുന്നോർക്കാലംബമായും
ഹൃദയം തകർന്നോർക്കാശ്വാസമായും
കവിഞ്ഞ സ്നേഹത്തിൻ അലകടലായ്
മാറിലണച്ച് സാന്ത്വനമേകി
തിരുക്കുടുംബത്തിൻ അമ്മയായും
ദൈവത്തിനെളിയ ദാസിയായും
ആ ധന്യജീവിതം കാണിക്കയായ് മാറി.
മാനവർക്കെന്നും മാതൃകയായ് അമ്മ

**ദാനങ്ങളുടെ ദാതാവ് :** മറിയത്തിന്റെ മാതൃത്വം പ്രസാദവര ക്രമത്തിലുള്ളതാണ്. മംഗളവാർത്തയുടെ സുമോഹന നിമിഷത്തിലാണ് ഇതു നൽകപ്പെട്ടത്. കുരിശിൻകീഴിൽ അമ്മ അത് അചഞ്ചലമായി കാത്തുസൂക്ഷിച്ചു. ഈ മാതൃത്വം മംഗളവാർത്താവേളയിൽ നടത്തിയ സമ്മതംമുളൽ മുതൽ ഈ നിമിഷം വരെയും എല്ലാ തെരഞ്ഞെടുക്കപ്പെട്ടവരുടെയും മകുടം ചാർത്തൽവരെയും ഇടമുറിയാതെനിലനില്ക്കുകയും ചെയ്യും. ഒരോരുത്തർക്കും നിത്യരക്ഷയ്ക്കാവശ്യമായ ദാനങ്ങൾ സമ്പാദിച്ചുതരുന്നതിൽ അമ്മ ബദ്ധശ്രദ്ധയാണ്. വൈവിദ്ധ്യമാർന്ന വിധങ്ങളിലാണ് അവിടുന്നു തന്റെ മാദ്ധ്യസ്ഥ്യം നിർവഹിക്കുന്നത്. അപകടങ്ങളും പ്രതിസന്ധികളും നിറഞ്ഞ ജീവിതയാത്ര കഴിക്കുന്ന തന്റെ മക്കൾ സൗഭാഗ്യകരമായ പിതൃരാജ്യത്തിലെത്തുന്നതുവരെ അവൾ മാതൃസഹജമായ വാത്സല്യത്തോടെ അവരുടെ സംരക്ഷണം നിർവഹിക്കുകയും ചെയ്യുന്നു. അതുകൊണ്ടാണ് തിരുസഭ മാതാവിനെ അഭിഭാഷിക, സഹായിക, ഉപകാരിണി, മദ്ധ്യസ്ഥ തുടങ്ങിയ പേരുകളിൽ വിളിച്ചപേക്ഷിക്കുന്നത്.

ഇവിടെ ഒരു കാര്യം വീണ്ടും ഊന്നിപ്പറയേണ്ടിയിരിക്കുന്നു. ദിവ്യരക്ഷകന്റെ ഏക മാധ്യസ്ഥ്യം അനിഷേധ്യമായ സത്യമാണ്. എന്നാൽ ഇതു സൃഷ്ടികളുടെ പക്കൽ നിന്നുള്ള സഹകരണത്തെ അർത്ഥശൂന്യമാക്കുകയോ നിഷേധിക്കുകയോ ചെയ്യുന്നില്ല. ഈ സഹകരണത്തെ അവിടുന്ന് പലവിധത്തിലും പ്രോത്സാഹിക്കുന്നുണ്ടുതാനും. അപ്പോൾ പരിത്രാണ പദ്ധതിയിലുള്ള മാതാവിന്റെ വിധേയാത്മകമായ സഹരക്ഷകസ്ഥാനം സഭ സസന്തോഷം ഏറ്റു പറയുന്ന ഒരു വസ്തുതയാണെന്നതു വ്യക്തമാണല്ലോ. സഭ ഇത് അനുഭവിച്ചറിയുന്നുമുണ്ട്. ഇതിനുപുറമേ സഭാതനയരെ ഈ മാതാവിന്റെ സഹായത്താൽ മദ്ധ്യസ്ഥനും രക്ഷകനുമായ ക്രിസ്തുവിനോടു കൂടുതൽ അടുക്കാൻ ഹൃദയപൂർവ്വം അവൾ പ്രോത്സാഹിപ്പിക്കുകയും ചെയ്യുന്നു.

അമലോത്ഭവാ : Our tainted nature's solitary boast, എന്നാണ് വേഡ്സ് വർത്ത് മാതാവിനെ വിശേഷിപ്പിച്ചിരിക്കുന്നത്. സർവ്വഗുണ സമ്പന്നയാണ് പരിശുദ്ധ കന്യാകാമറിയം. ഈ പരമ മാതൃകയുടെ നേരെ നാം കണ്ണുകളുയർത്തുന്നു. എപ്പോഴും ഉയർത്തിക്കൊണ്ടിരിക്കണം. ഭക്തിപൂർവ്വം അമ്മയെക്കുറിച്ചും അമ്മയുടെ സുകൃതങ്ങളെക്കുറിച്ചും തിരുസ്സഭ ചെയ്യുമ്പോലെ നാമും ധ്യാനിക്കുകയും അമ്മയോടു നിരന്തരം പ്രാർത്ഥിക്കുകയും വേണം.

അമല മനോഹരി അംബികയേ
അനുപമ സ്നേഹസ്വരൂപിണിയേ
അനുദിനമമ്മേ സുതനോടു നീ
പ്രാത്ഥിക്കണമേ ഞങ്ങൾക്കായ്
ആശ്രയമില്ലാ നീയന്യേ
ആശ്വാസത്തിൻ ഇടമില്ല
അമ്മേ കനിവോടെന്നും നീ
തുണയേകണമേ കാത്തിടണേ
നന്മ നിറഞ്ഞൊരു മാതാവേ
നന്മതൻ വഴി നീ കാട്ടണമേ
അമ്മേ നൽവരദായികയേ
ആശ്രയമരുളണമലിവോടെ

മരിയ വണക്കം : തന്റെ പുത്രൻ കഴിഞ്ഞാൽ പിന്നെ എല്ലാ മാലാഖമാരിലും വിശുദ്ധരിലും ഉപരിയായി ദൈവം കാരുണ്യപൂർവ്വം ഉയർത്തിയ മറിയത്തെ ദൈവത്തിന്റെ പരിശുദ്ധമാതാവും ഈശോയുടെ ജീവിത രഹസ്യങ്ങളിൽ സവിശേഷമായ വിധത്തിൽ സഹകാരിണിയുമായി സഭ പ്രത്യേകമാംവിധം സമാദരിക്കുന്നതു ന്യായവും യുക്തവുമാണ്. വിശ്വാസികൾ തങ്ങളുടെ സകല ആവശ്യങ്ങളിലും അപകടങ്ങളിലും പരിശുദ്ധഅമ്മയിൽ ആശ്രയിക്കുക സർവ്വസാധാരണമാണ്. മാതാവിനോടുള്ള ഭക്തി സഭയിൽ ഉത്തരോത്തരം വർദ്ധിച്ചുകൊണ്ടിരുന്നു. ഇപ്പോഴും വർദ്ധിച്ചുകൊണ്ടിരിക്കുകയും ചെയ്യുന്നു. മറ്റെല്ലാ വിശുദ്ധരെയുംകാൾ ഉപരിയായ വണക്കമാണു മാതാവിനു സഭാമ

ക്കൾ സഭാമാതാവിന്റെ അനുഗ്രഹാശിസ്സുകളിലൂടെ നൽകിക്കൊണ്ടിരിക്കുന്നത്. അത് അങ്ങനെ ആയിരിക്കുകയും വേണം. എങ്കിലും, മനുഷ്യാവതാരം ചെയ്ത വചനത്തിനും പിതാവിനും പരിശുദ്ധാത്മാവിനും നൽകുന്ന ആരാധനയിൽ നിന്ന് ഇതു വ്യത്യസ്തമാണ്. എന്നാൽ മരിയ വണക്കം ഈ ആരാധനയ്ക്ക് സഹായകമാണെന്നതും ഒരു പരമാർത്ഥമത്രേ (ലൂക്കാ 6.6). ദൈവമാതാവിന്റെ ബഹുമാനാർത്ഥം നിരവധി ഭക്തിമുറകൾ തിരുസ്സഭ അംഗീകരിച്ചിട്ടുണ്ട്. അവയുടെ എല്ലാം ലക്ഷ്യം മാതാവു വണങ്ങപ്പെടുന്നതോടുകൂടി പുത്രൻ ശരിയായി അറിയപ്പെടുകയും സ്നേഹിക്കപ്പെടുകയും മഹത്വീകരിക്കപ്പെടുകയും അവിടുത്തെ കല്പനകൾ അനുസരിക്കപ്പെടുകയും ചെയ്യുക എന്നതാണ്. അതിൽ നിന്നാണ് സകലതും അസ്തിത്വമാർന്നത്. (കൊളോ.1:15,16) സർവ്വ പൂർണ്ണതയും നിക്ഷേപിക്കാൻ നിത്യപിതാവു മനസ്സായതും ഈ പുത്രനിൽത്തന്നെ. (കൊളോ.1:19)

**സ്വർഗ്ഗാരോപിത** : ആത്മശരീരങ്ങളോടെ സ്വർഗ്ഗത്തിൽ മഹത്വീകൃതയായിരിക്കുന്ന പരിശുദ്ധ അമ്മ ലോകാവസാനത്തിൽ പൂർത്തിയാകാനിരിക്കുന്ന സഭയുടെ പ്രതിച്ഛായയും ആരംഭവും ആണ്. അതുപോലെ തന്നെ കർത്താവിന്റെ ദിവസം ഉദയം ചെയ്യുന്നതുവരെ (2 പത്രോ.3:10) അമ്മ ഭൂമുഖത്തു തീർത്ഥാടനം ചെയ്യുന്ന ദൈവജനത്തിനു സുനിശ്ചിതമായ പ്രതീക്ഷയുടെയും സമാശ്വാസത്തിന്റെയും അടയാളമായി പ്രകാശിച്ചുകൊണ്ടിരിക്കും (Zg. 68)

സ്വർഗ്ഗാരോപിത കന്യകമാതേ
സ്വസ്തി നിൻ തിരു സവിധത്തിൽ
സുരഭില സുന്ദര പൂക്കളുമായ്
സുതരെല്ലാവരുമണയുന്നു.

കാത്തിടു ധന്യേ്തവ സുതരെ
കാലുകൾ ഇടറി വീഴാതെ
കാരുണ്യത്തിൻ നിറകുടമേ
കൻമഷമേശാതുള്ളവളെ.

പാപത്തിൻ നിഴലേശാതെ
പാപികൾ മദ്ധ്യേ വാണവളെ
പാരിൽ പാത പുണരാതെ
പാരം വാഴാൻ കനിയണമേ.

**ഇതാണു നിന്റെ അമ്മ** : കുരിശിൻ ചുവട്ടിലും 'സ്ത്രീ' എന്ന സംജ്ഞ ആവർത്തിച്ച് ഉല്പ. 3:15 ലെ സ്ത്രീ തന്റെ തിരുമാതാവുതന്നെയാണെന്ന സത്യം ദിവ്യനാഥൻ ഊട്ടി ഉറപ്പിക്കുന്നു. "യേശുവിന്റെ കുരിശിനരികെ അവന്റെ അമ്മയും അമ്മയുടെ സഹോദരി ക്ലോപ്പാസിന്റെ ഭാര്യ മറിയയും മഗ്ദലനാ മറിയവും നിൽക്കുന്നുണ്ടായിരുന്നു. യേശു തന്റെ അമ്മയും താൻ സ്നേഹിച്ച ശിഷ്യനും അടുത്തു നിൽക്കുന്നതുകണ്ട് അമ്മയോടു പറഞ്ഞു: സ്ത്രീയേ ഇതാ നിന്റെ മകൻ. അനന്തരം അവിടുന്ന് ആ ശിഷ്യനോടുപറഞ്ഞു: ഇതാ

നിന്റെ അമ്മ. അപ്പോൾ മുതൽ ആ ശിഷ്യൻ അവളെ സ്വന്തം ഭവനത്തിൽ സ്വീകരിച്ചു. (യോഹ. 19:25-27)

ഉൽപ്പത്തി 3:15 ൽ ദൈവം വെളിപ്പെടുത്തിയിരിക്കുന്ന സ്ത്രീയാണ് തന്റെ അമ്മ എന്നു ലോകത്തിനു വെളിപ്പെടുത്താനും തന്റെ അമ്മയുടെ തുടർന്നുള്ള ഇഹലോകജീവിതം സുരക്ഷിതകരങ്ങളിലാണെന്ന് ഉറപ്പുവരുത്താനും കൂടിയാണ് ഈശോ ഇങ്ങനെ പ്രഖ്യാപിച്ചത്.

കുരിശിൽ നിന്നന്ന് ഞാനീ സ്വരം കേട്ടു
ഇതാണ് നിന്റെ അമ്മ
പ്രാണപീഡയാൽ പിടയുന്ന നാഥനന്ന്
അന്ത്യസമ്മാനമായ് എനിക്ക് നൽകി
അമ്മേ .......... അമ്മേ.......... അമ്മേ..........

കാനായിൽ വന്നപോൽ എൻ ഹൃദയത്തിൽ
ഇന്നു കടന്നു വന്നീടണേ (2)
അവരുടെ വീഞ്ഞു തീർന്നുപോയി എന്ന്
പുത്രനോടൊന്ന് ചൊല്ലീടണേ (2)

അമ്മേ .......... അമ്മേ.......... അമ്മേ.......... (കുരിശിൽ....)

ഒരു കൽഭരണിയാം എന്നിലുള്ള
പാപജലം പുതുവീഞ്ഞാക്കണേ (2)
സ്വർഗ്ഗരാജ്യത്തിൻ രഹസ്യമറിയുവാൻ
മാധ്യസ്ഥമേകണേ സ്വർഗ്ഗരാജ്ഞീ (2)

അമ്മേ .......... അമ്മേ.......... അമ്മേ.......... (കുരിശിൽ....)

**സൂര്യനെ ഉടയാടയാക്കിയവൾ :** ഈ സ്ത്രീയെ കൂടാതെ രക്ഷണീയകർമ്മം നടക്കുകയില്ലായിരുന്നുവെന്നും അവിടുന്നു വ്യക്തമാക്കുന്നു. തനിക്ക് അമ്മയാകാൻ മാത്രം വിശ്വാസദാർഢ്യം പ്രകടിപ്പിച്ച, അതിനായി സ്വയം ശൂന്യയായ തന്റെ അമ്മയോടുള്ള സ്നേഹവും നന്ദിയും ആദരവുമെല്ലാം പ്രകടമാക്കുകയായിരുന്നു മരിയസുതൻ. ദൈവവും മനുഷ്യനുമായ യേശുവിന്റെ അമ്മയാണ് പരി. കന്യാമറിയം. അതെ ദൈവമാതാവാണവൾ.

ഈ സത്യങ്ങളെല്ലാം യോഹന്നാന്റെ വെളിപാട് 12 ൽ വ്യക്തമാണ്. "സ്വർഗ്ഗത്തിൽ വലിയ ഒരടയാളം കാണപ്പെട്ടു. സൂര്യനെ ഉടയാടയാക്കിയ ഒരു സ്ത്രീ. അവളുടെ പാദങ്ങൾക്കടിയിൽ ചന്ദ്രൻ. ശിരസ്സിൽ പന്ത്രണ്ടു നക്ഷത്രങ്ങൾ കൊണ്ടുള്ള കിരീടം. അവൾ ഗർഭിണിയായിരുന്നു. പ്രസവ വേദനയാൽ അവൾ നിലവിളിച്ചു." പ്രസവക്ലേശത്താൽ അവൾ ഞെരുങ്ങി... അവൾ ഒരാൺകുട്ടിയെ പ്രസവിച്ചു. സകലജനപദങ്ങളെയും ഇരുമ്പുദണ്ഡുകൊണ്ടു ഭരിക്കാനുള്ളവനാണ് അവൻ. അവളുടെ ശിശു ദൈവത്തിന്റെയും അവിടുത്തെ സിംഹാസനത്തിന്റെയും അടുത്തേയ്ക്കു സംവഹിക്കപ്പെട്ടു."

സ്വർഗ്ഗത്തിൽ ഒരു വലിയ സ്വരം വിളിച്ചു പറയുന്നതു ഞാൻ കേട്ടു. "ഇപ്പോൾ നമ്മുടെ ദൈവത്തിന്റെ രക്ഷയും ശക്തിയും രാജ്യവും അവിടുത്തെ

അഭിഷിക്തന്റെ അധികാരവും ആഗതമായിരിക്കുന്നു. എന്തെന്നാൽ, നമ്മുടെ സഹോദരരെ ദൂഷിക്കുകയും രാപകൽ ദൈവസമക്ഷം അവരെ പഴിപറയുകയും ചെയ്തിരുന്നവൻ വലിച്ചെറിയപ്പെട്ടു. അവരാകട്ടെ കുഞ്ഞാടിന്റെ രക്തം കൊണ്ടും സ്വന്തം സാക്ഷ്യത്തിന്റെ വചനം കൊണ്ടും അവന്റെ മേൽ വിജയം നേടി. ജീവൻ നൽകാനും അവൻ തയ്യാറായി" (വെളി. 12: 1-11) വെളിപാടു ഗ്രന്ഥത്തിലും ദൈവമാതാവിനെ 'സ്ത്രീ' എന്ന് വിശേഷിപ്പിച്ചിരിക്കുന്നതു വീണ്ടും പ്രത്യേകം ശ്രദ്ധേയമാണ്.

നന്മ നിറഞ്ഞവൾ മേരി
പൂർണ്ണ ലാവണ്യ ധാമമാം റാണി
സൂര്യനവൾക്കു വസനം
ചന്ദ്രൻ സുന്ദരപാദോപധാനം
    പന്ത്രണ്ടു നക്ഷത്രമല്ലോ
    റാണിക്കുന്നതമാകും കിരീടം
    പാപക്കറ നിന്നിലില്ല
അമ്മേ ഞങ്ങൾക്കഭയം മറ്റില്ല
പാപത്തിൽ നിന്നും അകറ്റി
നിത്യാപത്തിൽ നിന്നു രക്ഷിക്ക
നേർവഴി തന്നിൽ നടപ്പാൻ
അമ്മേ കാരുണ്യപൂർവ്വം തുണയ്ക്ക

**കന്യക** : ഏശയ്യാ പ്രവാചകന്റെ എമ്മാനുവേൽ പ്രവചനത്തിലും പരിശുദ്ധ അമ്മയെക്കുറിച്ചു പരാമർശിച്ചിരിക്കുന്നു. "കർത്താവ് നിനക്ക് അടയാളം തരും. കന്യക ഗർഭം ധരിച്ച് ഒരു പുത്രനെ പ്രസവിക്കും. അവൻ ഇമ്മാനുവേൽ എന്ന് വിളിക്കപ്പെടും." (ഏശ.7:14) മിക്കാ പ്രവാചകൻ എഴുതുന്നു; "ബേത്ലെഹം - എഫ്രാത്താ, യൂദാഭവനങ്ങളിൽ നീ ചെറുതാണെങ്കിലും ഇസ്രായേലിനെ ഭരിക്കേണ്ടവൻ എനിക്കായി നിന്നിൽ നിന്നും പുറപ്പെടും. അവൻ പണ്ടേ, യുഗങ്ങൾക്കു മുമ്പേ, ഉള്ളവനാണ്. അതിനാൽ ഈറ്റുനോവെടുത്തവൾ പ്രസവിക്കുന്നതുവരെ അവൻ അവരെ പരിത്യജിക്കും" (5:2-3) ഈറ്റു നോവനുഭവപ്പെട്ടവളാണു പരിശുദ്ധ കന്യകാമറിയം. അതെ, ദൈവപുത്രനെ നൊന്തു പ്രസവിച്ചവളാണവൾ. വി. മത്തായി സാക്ഷ്യപ്പെടുത്തുന്നു: കന്യക ഗർഭം ധരിച്ച് ഒരു പുത്രനെ പ്രസവിക്കും. ദൈവം നമ്മോടുകൂടെ എന്നർത്ഥമുള്ള എമ്മാനുവേൽ എന്നവൻ വിളിക്കപ്പെടുമെന്ന് കർത്താവു പ്രവാചകൻ മുഖേന അരുളിച്ചെയ്തതു പൂർത്തിയാകാൻ വേണ്ടിയാണ് ഇതെല്ലാം സംഭവിച്ചത്. (മത്താ. 1:22-23)

നന്മ നിറഞ്ഞവളേ തിന്മയില്ലാത്തവളേ
എന്നെന്നും കാക്കണമേ
നിൻ മക്കൾ ഞങ്ങളെ നീ
    പാപം പെരുകിടുമ്പോൾ

പേടി വളർന്നിടുമ്പോൾ
സ്നേഹത്തിൻ ദീപവുമായി
പാത കാണിക്കണേ നീ.
ദൈവകുമാരനെ നീ
പോറ്റിവളർത്തിയില്ലേ
ഈ കൊച്ചു മക്കളെയും
രക്ഷിച്ചുകൊള്ളണമേ.

**യേശുവിന്റെ അമ്മ : പരിശുദ്ധാത്മാവിനാൽ അഭിഷിക്ത :** യേശുവിന്റെ ജനനത്തെക്കുറിച്ച് വി. ലൂക്കായുടെ സുവിശേഷത്തിൽ രേഖപ്പെടുത്തിയിരിക്കുന്ന വാക്കുകൾ പരിശുദ്ധ അമ്മയെക്കുറിച്ച് കൂടുതൽ അറിവു പകരാൻ പോന്നവയാണ്. "ഗബ്രിയേൽ ദൈവദൂതൻ ഗലീലിയിൽ നസ്രത്ത് എന്ന പട്ടണത്തിൽ, ദാവീദിന്റെ വംശത്തിൽപ്പെട്ട ജോസഫ് എന്നുപേരായ പുരുഷനുമായി വിവാഹ നിശ്ചയം ചെയ്തിരുന്ന കന്യകയുടെ അടുത്തേയ്ക്ക് ദൈവത്താൽ അയയ്ക്കപ്പെട്ടു. അവളുടെ പേര് മറിയം എന്നായിരുന്നു. ദൂതൻ അവളുടെ അടുത്തുവന്നു പറഞ്ഞു : ദൈവകൃപലഭിച്ചവളേ! സ്വസ്തി. കർത്താവു നിന്നോടുകൂടെ. ഈ വചനം കേട്ട് അവൾ വളരെ അസ്വസ്ഥയായി. എന്താണ് ഈ അഭിവാദനത്തിന്റെ അർത്ഥമെന്ന് അവൾ ചിന്തിച്ചു. ദൂതൻ അവളോടു പറഞ്ഞു. മറിയമേ, നീ ഭയപ്പെടേണ്ട. ദൈവസന്നിധിയിൽ നീ കൃപ കണ്ടെത്തിയിരിക്കുന്നു. നീ ഗർഭം ധരിച്ച് ഒരു പുത്രനെ പ്രസവിക്കും. നീ അവന് യേശു എന്നു പേരിടണം. അവൻ വലിയവനായിരിക്കും. അത്യുന്നതന്റെ പുത്രൻ എന്ന് വിളിക്കപ്പെടും. അവന്റെ പിതാവായ ദാവീദിന്റെ സിംഹാസനം ദൈവം അവനു നൽകും. അവന്റെ രാജ്യത്തിന് അവസാനം ഉണ്ടാവുകയില്ല. മറിയം ദൂതനോടു പറഞ്ഞു : ഇതെങ്ങനെ സംഭവിക്കും? ഞാൻ പുരുഷനെ അറിയുന്നില്ലല്ലോ. ദൂതൻ മറുപടി പറഞ്ഞു: പരിശുദ്ധാത്മാവ് നിന്റെ മേൽ വരും. അത്യുന്നതന്റെ ശക്തി നിന്റെ മേൽ ആവസിക്കും. ആകയാൽ ജനിക്കാൻ പോകുന്ന ശിശു പരിശുദ്ധൻ, ദൈവപുത്രൻ, എന്നു വിളിക്കപ്പെടും. ഇതാ, നിന്റെ ചാർച്ചക്കാരി വൃദ്ധയായ എലിസബത്തും ഒരു പുത്രനെ ഗർഭം ധരിച്ചിരിക്കുന്നു. വന്ധ്യയെന്ന് പറഞ്ഞിരുന്ന അവൾക്ക് ഇത് ആറാം മാസമാണ്. ദൈവത്തിന് ഒന്നും അസാധ്യമല്ല. മറിയം പറഞ്ഞു: ഇതാ, കർത്താവിന്റെ ദാസി നിന്റെ വാക്ക് എന്നിൽ നിറവേറട്ടെ." (ലൂക്കാ 1:26-28)

വിമലാംബികയേ അമ്മേ കന്യാ സുമമേ
പശ്ചാത്താപത്തിൻ കണ്ണീർ തൂകി
കൈകൾ കൂപ്പി നിൽക്കുമീ മക്കളെ
കാത്തിടേണമേ അമ്മേ കനിയേണമേ
പാപത്തിൻ ചേറിൽ പൂണ്ടുപോയി
കരകേറാനാകാതെ വലയുമീ മക്കളെ
നിൻ തൃക്കരങ്ങൾ നീട്ടിയീ ദാസരെ

കാത്തിടേണമേ അമ്മേ കനിയേണമേ
കാക്കേണമേ അമ്മേ കനിയേണമേ
അനുതാപത്തിൻ ഹൃദയവുമായി നിൽക്കുമീ ഞങ്ങളെ
നിൻ ദിവ്യ സ്നേഹത്താൽ നിറയ്ക്കേണമേ
ഒരുനാളും ഞങ്ങളെ കൈവിടാതെ
അമ്മേ ഞങ്ങളെ നയിക്കേണമേ

കന്യാജനനത്തെക്കുറിച്ച് ജോസഫിനുണ്ടാകുന്ന ന്യായമായ സംശയവും ദൂതൻ സ്വപ്നത്തിൽ അവനു കാണപ്പെട്ടു സത്യം വെളിപ്പെടുത്തിക്കൊടുക്കുന്നതും വി. മത്തായി തന്റെ സുവിശേഷത്തിന്റെ പ്രാരംഭത്തിൽ വ്യക്തമാക്കിയിട്ടുണ്ട്. യേശുവിന്റെ ജനനം ഇപ്രകാരമായിരുന്നു. അവന്റെ മാതാവായ മറിയവും ജോസഫും സഹവസിക്കുന്നതിനുമുമ്പ് അവൾ പരിശുദ്ധാത്മാവിനാൽ ഗർഭിണിയായി കാണപ്പെട്ടു. അവളുടെ ഭർത്താവായ ജോസഫ് നീതിമാനാകയാലും അവളെ അപമാനിക്കാൻ ഇഷ്ടപ്പെടായ്കയാലും അവളെ രഹസ്യമായി ഉപേക്ഷിക്കാൻ തീരുമാനിച്ചു. അവൻ ഇതേക്കുറിച്ച് ആലോചിച്ചുകൊണ്ടിരിക്കെ കർത്താവിന്റെ ദൂതൻ സ്വപ്നത്തിൽ പ്രത്യക്ഷപ്പെട്ട് ജോസഫിനോടു പറഞ്ഞു: ദാവീദിന്റെ പുത്രനായ ജോസഫ്, മറിയത്തെ ഭാര്യയായി സ്വീകരിക്കാൻ ശങ്കിക്കേണ്ട. അവൾ ഗർഭം ധരിച്ചിരിക്കുന്നതു പരിശുദ്ധാത്മാവിൽ നിന്നാണ്. അവൾ ഒരു പുത്രനെ പ്രസവിക്കും. നീ അവന് ഈശോ എന്നു പേരിടണം. എന്തെന്നാൽ അവൻ തന്റെ ജനത്തെ അവരുടെ പാപങ്ങളിൽ നിന്നു മോചിപ്പിക്കും." (മത്താ. 1:18-21)

കാരുണ്യത്തിൻ സ്പർശവുമായ്
അരികിൽ നിൽപ്പൂ നീ നാഥേ
അരികിൽ നിൽപ്പൂ നീ
പൂന്തേൻ തൂകും മൊഴികളുമായി
പാരിൽ വന്നു നീ നാഥേ
സ്നേഹപ്രസാദം തൂകിടുവാനായി
വീണ്ടും നീ വന്നാലും നാഥേ
കൈവല്യദാനം കാത്തുകഴിപ്പൂ
പാപികൾ ഞങ്ങൾ നിൻ മുമ്പിൽ
നിൻ ജപമാലയും കൈകളിലേന്തി
വന്നണയുന്നു നിൻ മുമ്പിൽ
വന്നണയുന്നു ഞങ്ങൾ

**മുൻകൂട്ടി തെരഞ്ഞെടുക്കപ്പെട്ടവൾ** : വിലക്കപ്പെട്ട കനി ഭക്ഷിച്ചതുവഴി ആദ്യനാരി മാനവരാശിയെ മുഴുവൻ ആദ്ധ്യാത്മിക മരണത്തിനു വിധേയമാക്കി. നന്മ തിന്മകളെക്കുറിച്ചുള്ള അറിവിന്റെ വൃക്ഷത്തിലെ ഫലം പിശാചിന്റെ പ്രലോഭനത്തിനടിപ്പെട്ട ആദിമാതാപിതാക്കൾ ഭക്ഷിച്ച ആ നിമിഷം അവരിലെ ദൈവികജീവൻ മരിച്ചു. ഒപ്പം മനുഷ്യകുലത്തിന്റെ മുഴുവൻ ദൈവികജീവനും.

(ഉൽപ. 2:5-17) ഒരു സ്ത്രീയുടെ സഹകരണത്താൽ മരണം ലോകത്തിൽ ആവിർഭവിച്ചതുപോലെ ദൈവികജീവന്റെ പുനഃപ്രാപ്തിയിലും ഒരു സ്ത്രീ സഹകരിക്കുക അത്യന്താപേക്ഷിതമായിരുന്നു. നിത്യനിതാന്തതയിൽ ആദ്യന്ത വിഹീനതയിൽ ഒരു അമ്മയുടെ സഹായമില്ലാതെ ജനിച്ച പുത്രൻതമ്പുരാൻ ഭൂമിയിൽ അവതീർണ്ണനായി പിതാവിന്റെ വാഗ്ദാനം (ഉൽപ. 3:15) നിറവേറ്റാൻ ഒരു സ്ത്രീയുടെ സഹായം കൂടിയേ തീരുമായിരുന്നുള്ളു. ഇതിനായി മുൻകൂട്ടി തെരഞ്ഞെടുക്കപ്പെട്ടവളാണ് പരിശുദ്ധമറിയം. ഈ മഹനീയ ദൗത്യത്തിന് ആവശ്യമായ എല്ലാ ദാനങ്ങളും ഈശോയുടെ യോഗ്യതകൾ തന്നെ ദൈവം അവൾക്കു കാലേകൂട്ടി നൽകി: പൂർണ്ണ വിശുദ്ധ, അമലോത്ഭവ, പരിശുദ്ധാത്മാവു രൂപം നൽകിയ ഒരു പുതിയ സൃഷ്ടി, പ്രസാദവരപൂരിത.

നിർമ്മലകന്യേ പവിത്രേ
അമലോത്ഭവ നാഥേ
മരിയേ പരിശുദ്ധേ ധന്യേ
മിശിഹാതൻ ജനനീ
അമ്മേ മാദ്ധ്യസ്ഥമേകണമേ അങ്ങേ-
സുതർക്കായ് പ്രാർത്ഥിക്കണേ
കാനായിൽ കല്യാണ വിരുന്നിനന്നാൾ
മാദ്ധ്യസ്ഥം വഹിച്ചോരമ്മേ
ദൈവിക സ്നേഹവും അത്ഭുത ശക്തിയും
ഇവരിൽ നിറയാൻ പ്രാർത്ഥിക്കണമേ
കാൽവരി മലയിൽ തിരുസുതനൊപ്പം
പീഡകൾ സഹിച്ചൊരമ്മേ
മാലോക പാപപ്പൊറുതിയ്ക്കായ്
രക്ഷകനോടുരചെയ്യണമേ

**സ്ത്രീകളിൽ അനുഗ്രഹിത :** മറിയത്തെക്കുറിച്ച് എലിസബത്ത് പരിശുദ്ധാത്മാവിനാൽ പൂരിതയായി ഉദ്ഘോഷിച്ചല്ലോ: "നീ സ്ത്രീകളിൽ അനുഗ്രഹീതയാണ്. നിന്റെ ഉദരഫലവും അനുഗ്രഹീതം. എന്റെ കർത്താവിന്റെ അമ്മ എന്റെ അടുത്തുവരാനുള്ള ഭാഗ്യം എനിക്കെവിടെനിന്ന്? ഇതാ, നിന്റെ അഭിവാദനസ്വരം ഞാൻ ശ്രവിച്ചപ്പോൾ ശിശു എന്റെ ഉദരത്തിൽ സന്തോഷത്താൽ കുതിച്ചുചാടി." (ലൂക്കാ 1:42-45) സ്നാപകനും അവന്റെ അമ്മയും പരിശുദ്ധാത്മാവു നിറഞ്ഞവരാകുവാൻ പരിശുദ്ധ അമ്മയുടെ സന്ദർശനം നിമിത്തമായി.

പ്രസ്തുതസന്ദർഭത്തിൽ മാതാവുപറഞ്ഞവാക്കുകൾ അമ്മയുടെ സ്തോത്രഗീതമാണ്.

എന്റെ ആത്മാവു കർത്താവിനെ മഹത്ത്വപ്പെടുത്തുന്നു.
എന്റെ ചിത്തം എന്റെ രക്ഷകനായ ദൈവത്തിൽ ആനന്ദിക്കുന്നു.
അവിടുന്നു തന്റെ ദാസിയുടെ താഴ്മയെ കടാക്ഷിച്ചു.
ഇപ്പോൾ മുതൽ സകല തലമുറകളും എന്നെ ഭാഗ്യവതി

എന്നു പ്രകീർത്തിക്കും.
ശക്തനായവൻ എനിക്ക് വലിയ കാര്യങ്ങൾ ചെയ്തിരിക്കുന്നു.
അവിടുത്തെ നാമം പരിശുദ്ധമാണ്.
അവിടുത്തെ ഭക്തരുടെമേൽ തലമുറകൾ തോറും
അവിടുത്തെ കരുണ വർഷിക്കും.
അവിടുന്നു തന്റെ ഭുജം കൊണ്ടു ശക്തി പ്രകടിപ്പിച്ചു.
ഹൃദയ വിചാരത്തിൽ അഹങ്കരിക്കുന്നവരെ ചിതറിച്ചു.
ശക്തന്മാരെ സിംഹാസനത്തിൽ നിന്നു മറിച്ചിട്ടു,
എളിയവരെ ഉയർത്തി.
വിശക്കുന്നവരെ വിശിഷ്ട വിഭവങ്ങൾകൊണ്ടു സംതൃപ്തരാക്കി;
സമ്പന്നരെ വെറും കൈയ്യോടെ പറഞ്ഞയച്ചു.

സകലജനപദങ്ങളും നിന്നെ ഭാഗ്യവതിയെന്നു കീർത്തിക്കും
അമ്മേ ഞങ്ങളെല്ലാവരും നിന്റെ ദിവ്യ മഹത്വം വർണ്ണിക്കും
ദുഃഖത്തിലാണ്ടവർക്കെന്നെന്നും നല്ലൊരു
മദ്ധ്യസ്ഥ നീയെന്നു ഘോഷിക്കും
നിത്യസഹായമേ നിൻ തിരുമുമ്പിലായി
നിത്യവുമീമക്കൾ പ്രാർത്ഥിക്കും
ഞങ്ങളെ കാക്കുന്ന സ്നേഹമേ നിന്നെ
നന്ദിയോടെന്നെന്നും ഓർമ്മിക്കും
നിത്യം ജപമാല കൈകളിലേന്തി നിൻ
സ്വർഗ്ഗീയ മാദ്ധ്യസ്ഥം യാചിക്കും
നിന്റെ വിമല ഹൃദയത്തിലെന്നെന്നും
ഞങ്ങൾ തൻ ജീവിതമർപ്പിക്കും
തിന്മയെ ദൂരെയകറ്റുവാനെന്നെന്നും
അമ്മയോടൊന്നായ് ചേർന്നിരിക്കും.

**ദൈവഹിതത്തിനു സമ്പൂർണ്ണമായി പ്രതിഷ്ഠിച്ചവൾ** : ആദത്തിന്റെ പുത്രിയാണു മറിയം. എന്നാൽ, ദൈവവചനത്തിനു കീഴ്പ്പെട്ട് ദൈവിക പദ്ധതിക്കു വിധേയയായി, അവിടുത്തെ തിരുവിഷ്ടപ്രകാരം അവൾ ക്രിസ്തുവിന്റെ അമ്മയായതുകൊണ്ട് അവിടുന്ന് ദൈവമാതാവാണ്. ദൈവത്തിന്റെ രക്ഷാകരമായ തിരുവുള്ളം പൂർണ്ണഹൃദയത്തോടെ സ്വീകരിച്ച്, പാപത്താൽ കളങ്കപ്പെടാതെ, മറിയം കർത്താവിന്റെ ദാസിയായി. തന്റെ ദൗത്യപൂർത്തീകരണത്തിനുവേണ്ടി അവൾ ദൈവഹിതത്തിനു സമ്പൂർണ്ണമായി പ്രതിഷ്ഠിച്ചു. സ്നേഹസ്വരൂപനും കാരുണ്യമൂർത്തിയുമായ ദൈവത്തിന്റെ ദയാധിക്യത്താൽ യേശുവിനോടുകൂടിയും യേശുവിനു വിധേയമായും അവൾ സഹരക്ഷകയായി. രക്ഷാകരരഹസ്യപൂർത്തീകരണത്തിൽ പങ്കാളിയായി.

**സർവ്വസ്വതന്ത്ര** : ദൈവതൃക്കരങ്ങളിലെ വെറുമൊരു നിശ്ചേഷ്ട ഉപകരണമായിരുന്നില്ല ദൈവമാതാവ്. തന്റെ വിശ്വാസവും അനുസരണവും വഴി സർവ

തന്ത്ര സ്വതന്ത്രയായാണ് അമ്മ രക്ഷാകരകർമ്മത്തിൽ പങ്കെടുത്തത്. ഇപ്പോഴും പങ്കെടുത്തുകൊണ്ടിരിക്കുന്നതും. വി. ഇരണേവൂസ് പറയുന്നതുപോലെ, അവൾ അനുസരണത്താൽ തന്റേയും എല്ലാ മനുഷ്യരുടെയും രക്ഷയ്ക്കു കാരണക്കാരിയായി. അദ്ദേഹത്തോടൊപ്പം ഇതര സഭാപിതാക്കന്മാരും സമർത്ഥിക്കുന്നു. ഹവ്വാ അനുസരണക്കേടുവഴി ബന്ധിച്ചത് മറിയം അനുസരണത്താൽ അഴിച്ചു. കന്യകയായിരുന്ന ഹവ്വാ അവിശ്വാസം കൊണ്ടു ബന്ധിച്ചതു അമലോത്ഭവയായ മറിയം വിശ്വാസത്താൽ അഴിച്ചു. സഭാപിതാക്കന്മാർ മറിയത്തെ ഹവ്വായുമായി താരതമ്യപ്പെടുത്തി അവളെ ജീവിക്കുന്നവരുടെ മാതാവ് എന്നു സംബോധനചെയ്യുന്നു. ഹവ്വാ വഴി മരണവും മറിയം വഴി ജീവനും എന്ന് അവർ എടുത്തെടുത്തു പറയുന്നുണ്ട്.

രക്ഷയുടെ വാഗ്ദാനത്തിൽ വിശ്വസിക്കുക മൂലം ഭാഗ്യവതിയായിരിക്കുന്നവൾ എന്നാണല്ലോ മറിയത്തെ എലിസബത്ത് അഭിസംബോധനചെയ്തത്. ാക്ഷാകരകർമ്മത്തിൽ സ്വസുതനുമായുള്ള മാതാവിന്റെ ഈ ഐക്യം ക്രിസ്തുവിന്റെ കന്യാജനനം മുതൽ കുരിശുമരണം വരെ വെളിപ്പെടുന്നുണ്ട് എലിസബത്തിനെ സന്ദർശിക്കാൻ പോയതു പ്രസ്തുത ബന്ധത്തിന്റെ പ്രാരംഭമാണ്. ദൈവമായ, ദൈവപുത്രനായ സ്വസുതനെ ആട്ടിടയർക്കും വിജ്ഞാനികൾക്കും വെളിപ്പെടുത്തിയപ്പോൾ ഈ ബന്ധം വീണ്ടും പ്രകടമാകുന്നു. ്നുഷ്യാവതാരം മറിയത്തിന്റെ കന്യത്വപൂർണ്ണത യാതൊരു വിധത്തിലും കുറയ്ക്കുകയല്ല, പ്രത്യുത അതു പരമപവിത്രമാക്കുകയാണ്.

ദരിദ്രർക്കു യോജിച്ച കാഴ്ചകളോടെ കന്യാതനയ ദിവ്യപൈതലിനെ കർത്താവിനു പ്രതിഷ്ഠിച്ചപ്പോൾ, ദേവാലയത്തിൽ ഈശോയെ കാഴ്ചവച്ചപ്പോൾ, ശിമയോൻ ദീർഘദർശി പ്രവചനരൂപത്തിൽ പറഞ്ഞതു പരിശുദ്ധ അമ്മ വ്യക്തമായി മനസ്സിലാക്കുകയും തിരുസുതനൊപ്പം താൻ ചെയ്യേണ്ട രക്ഷണീയ വേലയുടെ ഒരു ഏകദേശ രൂപരേഖ കൺമുമ്പിൽ കാണുകയും ചെയ്തു.(ലൂക്കാ 2:34-35). ബാലനായ ഈശോയെ കാണാതായപ്പോൾ എത്ര ആകാംക്ഷയോടെയും ആകുലതയോടുമാണ് മാതാവും യൗസേപ്പ് പിതാവും അവിടുത്തെ അന്വേഷിച്ചു നടന്നത്. ദേവാലയത്തിൽ തന്റെ പിതാവിന്റെ കാര്യങ്ങളിൽ വ്യാപൃതനായിരിക്കുന്നവനായി അവർ അവിടുത്തെ കാണുകയും ചെയ്തു. തങ്ങൾക്കുണ്ടായ അഗാധമായ ദുഃഖത്തെക്കുറിച്ചു ദിവ്യബാലനെ അറിയിച്ചപ്പോൾ അവൻ പറഞ്ഞ മറുപടിയുടെ പൊരുൾ ഇരുവർക്കും മനസ്സിലായില്ല. "പിന്നെ അവൻ അവരോടൊപ്പം പുറപ്പെട്ടു നസ്രത്തിൽ വന്ന് അവർക്ക് വിധേയനായി ജീവിച്ചു. അവന്റെ അമ്മ ഇക്കാര്യങ്ങളെല്ലാം ഹൃദയത്തിൽ സംഗ്രഹിച്ചു. ഈശോ ജ്ഞാനത്തിലും പ്രായത്തിലും ദൈവത്തിന്റെയും മനുഷ്യരുടെയും പ്രീതിയിലും വളർന്നു വന്നു" (ലൂക്കാ 2:50-52).

ഈശോയുടെ അമ്മ
്മ നിറഞ്ഞോരമ്മ
പൂങ്ങൾക്കെന്നും മാർഗ്ഗം കാട്ടും
സ്നേഹം നിറഞ്ഞോരമ്മ

നിത്യം കാത്തിടും നല്ലോരമ്മേ
അമ്മേ കുഞ്ഞുമക്കൾ ദിവ്യപാദം ചേർന്നു നിൽപ്പൂ
ബാലനാം ഈശോയ്ക്കു ചേർന്നു വളർന്നീടാൻ
വേണ്ടുന്നതെല്ലാം ഏകിടേണേ
അമ്മേ ഞങ്ങൾക്കായി നീ
സ്വർഗ്ഗരാജ്യറാണിയായല്ലോ
സ്വർഗലോകരാജ്യത്തെ മാലാഖമാരെപ്പോൽ
ഞങ്ങളെ നിർമ്മലരാക്കീടണേ.

**ഈശോയുടെ പരസ്യജീവിതത്തിൽ :** ഈശോയുടെ പരസ്യജീവിത കാലത്ത് ശ്രദ്ധേയമായ വിധത്തിൽ മറിയം പ്രത്യക്ഷപ്പെടുന്നുണ്ട്. ആദ്യമായി നാം അമ്മയെ കാണുന്നത് കാനായിലെ കല്ല്യാണവിരുന്നിൽ അഭിഷിക്തനായ ഈശോയുടെ ആദ്യത്തെ അത്ഭുതം നടക്കുമ്പോഴാണെന്ന് നേരത്തെ സൂചിപ്പിച്ചിട്ടുണ്ടല്ലോ (യോഹ.2:1-11). തുടർന്നു പരിശുദ്ധ കന്യക തന്റെ വിശ്വാസത്തിന്റെ തീർത്ഥാടനത്തിൽ അനുസ്യൂതം പുരോഗമിക്കുകയായി. തന്റെ ഏകജാതനോടൊപ്പം ദൈവിക പദ്ധതിക്കനുസൃതമായി നിഷ്ഠൂരവേദനകൾ സഹിച്ചുകൊണ്ട് കുരിശിൻചുവട്ടിൽ അമ്മ നിലകൊണ്ടു. (യോഹ. 19:25) അവിടെ അവൾ മാതൃസഹജമായ വികാരങ്ങളോടെ തിരുസുതന്റെ ബലിയോടു സ്വയം യോജിക്കുകയും തന്നിൽ നിന്നു ജനിച്ച, തന്നിൽ നിന്നു മാംസമെടുത്ത, ആ യാഗവസ്തുവിനെ മാനവരക്ഷയ്ക്കുവേണ്ടി ഹോമിക്കാൻ സ്നേഹപുരസ്സരം സന്നദ്ധത കാണിക്കുകയും ചെയ്തു.

**പ്രപഞ്ചത്തിന്റെ നാഥ :** ഈശോ വാഗ്ദാനം ചെയ്ത പരിശുദ്ധാത്മാവിനെ നല്കുന്നതുവരെമനുഷ്യരക്ഷയുടെ ആ മഹാരഹസ്യം ആഘോഷമായി വെളിപ്പെടുത്തരുതെന്ന് ദൈവം നിശ്ചയിച്ചിരുന്നതുകൊണ്ട് (Zg. 59) പന്തക്കുസ്താ തിരുനാളിനുമുമ്പു ശ്ലീഹന്മാർ ഭക്തസ്ത്രീകളോടും ക്രിസ്തുവിന്റെ മാതാവായ മറിയത്തോടും അവിടുത്തെ സഹോദരരോടുകൂടെ ഏകമനസ്സായി പ്രാർത്ഥനയിൽ നിലനിന്നിരുന്നതായും(അപ്പ.1:14) മംഗളവാർത്തയുടെ അവസരത്തിൽ തന്റെ മേൽ ആവസിച്ച പരിശുദ്ധാത്മാവിന്റെ നവമായ ആവാസം സ്വീകരിക്കാൻ മാതാവു പ്രാർത്ഥിച്ചിരുന്നതായും നാം കാണുന്നു. അമലോത്ഭവയായ ആ നിർമ്മല കന്യക ഈ ലോകവാസത്തിന്റെ അവസാനത്തിൽ ആത്മശരീരങ്ങളോടെ സ്വർഗ്ഗീയ മഹത്വത്തിലേയ്ക്ക് ആരോപിതയായി. ഇതിനുപുറമേ നമ്മുടെ കർത്താവ് അവളെ പ്രപഞ്ചത്തിന്റെ നാഥയായി വാഴിച്ചു. ഇതു കർത്താക്കളുടെ കർത്താവും പാപത്തെയും മരണത്തെയും ജയിച്ചവനുമായി തന്റെ തിരുസുതനോട് അവൾ കൂടുതലായി അനുരൂപപ്പെടാൻ വേണ്ടിയായിരുന്നു (വെളി. 19:16)

സർവ്വേശസൂനുവാം യേശുനാഥൻ
സമ്മാനമായ് തന്നൊരമ്മ
മാനവജീവിതത്തുണയായ് വാഴും

പാവനസ്നേഹമാണമ്മ.
അമ്മേ.... എന്റെ ആശ്രയമേ
നിത്യസഹായ മാതാവേ
സഹനത്തിൻ നിറദീപമല്ലേ അമ്മ
സേവന പുനിലാവല്ലേ
കരയുമ്പോഴെന്നുമെൻ കണ്ണീർ തുടയ്ക്കും
കാരുണ്യ പൂന്തെന്നലല്ലേ അമ്മ
ത്യാഗത്തിൻ തിരിനാളമല്ലേ അമ്മ
ശാന്തി തൻ നീഹാരമല്ലേ
എന്നെയുറക്കുവാൻ താരാട്ടു പാടും
സ്നേഹത്തിൻ സംഗീതമല്ലേ അമ്മ

ദൈവമാതാവ് : അമ്മയുടെ അനന്യമായ ദൈവമാതൃപദവി തന്റെ എളിമയുടെ സമ്മാനമായി സർവ്വശക്തൻ സമ്മാനിച്ചതാണ്. വിനയവും സൗമ്യതയും വഴി ലോകത്തേയും സ്വർഗ്ഗത്തേയും അത്ഭുതപ്പെടുത്തിയ, കീഴ്പ്പെടുത്തിയ, പരിശുദ്ധ കന്യാമറിയത്തിനു തുല്യം മനുഷ്യമക്കളുടെ ഇടയിൽ ആരുമില്ല. കാരണം മാനവ രക്ഷയ്ക്കായി സ്വർഗ്ഗം ചായിച്ചിറങ്ങി വന്ന പിതാവായ ദൈവത്തിന്റെ വചനമായ പുത്രൻ തമ്പുരാനെ പ്രസവിച്ച പരമ പരിശുദ്ധയായ കന്യകയാണ് പരിശുദ്ധ അമ്മ. സർവ്വചരാചരങ്ങളുടെയും സ്രഷ്ടാവായ ദൈവം മനുഷ്യരക്ഷാർത്ഥം മനുഷ്യാവതാരം ചെയ്തതു മറിയത്തിന്റെ മാലിന്യമേൽക്കാത്ത ഉദരത്തിലാണ്.

നാഥേ ഞങ്ങൾ അണഞ്ഞിടുന്നു
പുതുമാല്യങ്ങളുമായിതാ
നിന്നെ പൂജിക്കുവാൻ നന്മ ചോദിക്കുവാൻ
വിണ്ണിൻ പാതകൾ തേടിടുവാൻ
പൂക്കാലം മലർവാടി ചമച്ചൊരുക്കി
പുലർക്കാലം പുത്തൻ വിരുന്നൊരുക്കി
നവഗാന ശകലങ്ങൾ പാടിക്കൊണ്ടെന്നും
തവപാദേ അണയുന്നു ഞങ്ങളമ്മേ
ഈ വീടിൻ വെളിച്ചം നിൻ തുണയാകണേ
എന്നും ഇടറാതെ പാദങ്ങൾ
വഴികാട്ടണമേ
ത്യാഗത്താലെതിർപ്പിന്റെ തീജ്വാലകൾ
നിത്യസ്നേഹത്തിൻ പ്രഭയായ് വിടരേണമേ...

അത്യത്ഭുതകരമായ മഹാ രഹസ്യമാണു മനുഷ്യാവതാരം. അതുകൊണ്ടുതന്നെ ആ ജനനവും അത്ഭുതകരമായിരിക്കണം. പുരുഷസ്പർശനം കൂടാതെ പരിശുദ്ധാത്മ ശക്തിയാൽ കന്യാമുദ്രയ്ക്ക് ഭംഗമില്ലാതെ അവൾ ഗർഭം ധരിച്ചു. പുത്രനെ പ്രസവിച്ചു. ഈ അത്യത്ഭുതകരമായ ദിവ്യാവതാര

രഹസ്യം മനുഷ്യവർഗ്ഗത്തിന്റെ രക്ഷയ്ക്കും വീണ്ടെടുപ്പിനുമായി സംഭവിക്കുമെന്നു നൂറ്റാണ്ടുകൾക്കുമുമ്പ് ദൈവപ്രസാദം ലഭിച്ച പ്രവാചകന്മാരും ഗോത്രപിതാക്കന്മാരും ദൃഷ്ടാന്തങ്ങൾ വഴി ഗ്രഹിക്കുകയും പ്രവചിക്കുകയും ചെയ്തിട്ടുണ്ട്.

| പ്രവചനങ്ങൾ | | പൂർത്തീകരണം |
|---|---|---|
| ഉൽപ.3:15-നീയും സ്ത്രീയും തമ്മിലും നിന്റെ സന്തതിയും അവളുടെ സന്തതിയും തമ്മിലും ഞാൻ ശത്രുത ഉളവാക്കും. അവൻ നിന്റെ തല തകർക്കും. | *രക്ഷകൻ ഒരു സ്ത്രീയിൽ നിന്നു ജനിക്കും* | ഗലാ. 4:4-എന്നാൽ കാലസമ്പൂർണ്ണതവന്നപ്പോൾ ദൈവം തന്റെ പുത്രനെ അയച്ചു. അവൻ സ്ത്രീയിൽ നിന്നു ജാതനായി. നിയമത്തിന് അധീനനായി ജനിച്ചു (ലൂക്കാ 2:9, വെളി. 12:5) |
| ഉൽപ. 18:18 - അബ്രാഹാം മഹത്തവും ശക്തവുമായ ഒരു ജനതയായിത്തീരും. ഭൂമിയിലെ ജനപദങ്ങളെല്ലാം അവനിലൂടെ അനുഗ്രഹിക്കപ്പെടും. | *അബ്രാഹത്തിന്റെ സന്തതി* | നട. 3:25 - നിങ്ങൾ പ്രവാചകന്മാരുടെയും നമ്മുടെ പിതാക്കന്മാരോടു ദൈവം ചെയ്ത ഉടമ്പടിയുടെയും സന്തതികളാണ്. അവിടുന്ന് അബ്രാഹത്തോട് അരുളിച്ചെയ്തു. ഭൂമിയിലെ എല്ലാ കുടുംബങ്ങളും നിന്റെ സന്തതിവഴി അനുഗ്രഹിതമാകും. |
| ഉൽപ. 49:10 ചെങ്കോൽ യൂദായെ വിട്ടുപോകയില്ല. അവന്റെ അവകാശി വന്നുചേരുംവരെ അധികാരദണ്ഡ് അവന്റെ സന്തതികളിൽ നിന്നു നീങ്ങിപ്പോകയില്ല. ജനതകൾ അവനെ അനുസരിക്കും. | *രക്ഷകൻ യൂദാ വംശത്തിൽ നിന്നു വരും* | ലൂക്കാ 3:33 നഹഷോൻ അമിനാദാബിന്റെയും അമിനാദാബ് അദ്മിന്റെയും അദ്മിൻ അർനിയുടെയും അർനി ഹെസ്രോന്റെയും ഹെസ്റോൻ പേരെസിന്റെയും പേരെസ് യൂദായുടെയും പുത്രൻ |
| ഏശ. 9:7 - ദാവീദിന്റെ സിംഹാസനത്തിലും അവന്റെ രാജ്യത്തിലും അവന്റെ ആധിപത്യം നിസ്സീമമാണ്. അവന്റെ സമാധാനം അനന്തവും. നീതിയിലും ധർമ്മത്തിലും എന്നേയ്ക്കും അത് സ്ഥാപിച്ചു പരിപാലിക്കാൻ തന്നെ. സൈന്യങ്ങളുടെ കർത്താവിന്റെ തീക്ഷ്ണത ഇതു നിറവേറ്റും. | *രക്ഷകൻ ദാവീദിന്റെ സിംഹാസനത്തിന് അവകാശി* | മത്താ. 1:1 അബ്രാഹത്തിന്റെ പുത്രനായ ദാവീദിന്റെ പുത്രൻ യേശുക്രിസ്തുവിന്റെ വംശാവലി ഗ്രന്ഥം. |

| | | |
|---|---|---|
| മിക്കാ 5:2 - ബേത്‌ലഹെം എഫ്രാത്താ, യൂദാ ഭവനങ്ങളിൽ നീ ചെറുതാണെങ്കിലും ഇസ്രായേലിനെ ഭരിക്കേണ്ടവൻ എനിക്കായി നിന്നിൽ നിന്നു പുറപ്പെടും. അവൻ പണ്ടേ, യുഗങ്ങൾക്കുമുമ്പേ ഉള്ളവനാണ്. | *രക്ഷകന്റെ ജനനസ്ഥലം* | മത്താ. 2:1 ഹേറോദേസ് രാജാവിന്റെ കാലത്ത് യൂദയായിലെ ബേത്‌ലഹെമിൽ യേശു ജനിച്ചപ്പോൾ പൗരസ്ത്യദേശത്തു നിന്നു ജ്ഞാനികൾ ജറുസലെമിലെത്തി. |
| ഏശ. 7:14 - അതിനാൽ കർത്താവു തന്നെ നിനക്ക് അടയാളം തരും. കന്യക ഗർഭം ധരിച്ച് ഒരു പുത്രനെ പ്രസവിക്കും. അവൻ ഇമ്മാനുവേൽ എന്നു വിളിക്കപ്പെടും. | *രക്ഷകൻ കന്യകയിൽ നിന്നു ജനിക്കും* | മത്താ. 1:18 - യേശുക്രിസ്തുവിന്റെ ജനനം ഇപ്രകാരമായിരുന്നു. അവന്റെ മാതാവായ, മറിയവും ജോസഫും തമ്മിലുള്ള വിവാഹനിശ്ചയം കഴിഞ്ഞിരിക്കെ അവർ സഹവസിക്കുന്നതിനു മുമ്പ് അവൾ പരിശുദ്ധാത്മാവിനാൽ ഗർഭിണിയായി കാണപ്പെട്ടു. |

മുകളിൽ കൊടുത്തിരിക്കുന്ന ചാർട്ട് മറിയം ദൈവത്തിന്റെ അമ്മയാണെന്നു തെളിയിക്കാൻ ധാരാളം മതിയാവുമല്ലോ. പരിശുദ്ധിയുടെ പരമോന്നതമാതൃക, സ്നേഹഭാജനം, വിനയത്തിന്റെ പര്യായം, പ്രാർത്ഥനാ നിരതയായ ദൈവജനനി, സുകൃതങ്ങളുടെ കലവറ, മനുഷ്യരുടെ എല്ലാ പ്രശ്നങ്ങൾക്കും മതിയായ മറുപടി നൽകുന്നവൾ, മറിയം നമുക്കു സത്യദൈവത്തെ സമ്മാനിച്ചു. തമ്പുരാൻ തന്റെ ദാസിയുടെ താഴ്മയെ തൃക്കൺ പാർത്തു. ഒരു സുറിയാനി നമസ്കാരത്തിൽ ഇപ്രകാരം കാണുന്നു. സ്നേഹമാകുന്ന ദൈവം കരുണാശ്രേണിവഴി ഭൂമിയിൽ ഇറങ്ങി വിനയത്തിന്റെ ഭാജനമായ മറിയത്തിൽ വെളിപ്പെട്ടു. ലോകത്തിൽ നിന്നു പാപാന്ധകാരത്തെ നീക്കാൻ ലോകത്തിനു വെളിച്ചമായി വന്ന മിശിഹായാകുന്ന മഹാസൂര്യനെ വെളിവാക്കുന്ന അനന്ത ആകാശമാണ് വിശുദ്ധ മാതാവ്.

ഇത്രനാളുകൾ അമ്മേ കാത്തിരുന്നല്ലോ
മാനസാന്തരത്തിനായ് പ്രാർത്ഥിച്ചല്ലോ
എന്റെ പേരുചൊല്ലി എനിക്കായ് നീ പ്രാർത്ഥിച്ചല്ലോ
Ave Maria, Ave Maria

നിന്റെ പ്രാർത്ഥന എന്റെ പ്രാണനെ വീണ്ടെടുത്തല്ലോ
നിന്റെ സ്നേഹം എന്റെ ജീവനെ നേടി തന്നല്ലോ

Ave Maria, Ave Maria

ധൂർത്തനായി പാപവഴികളിൽ ഞാൻ നടന്നപ്പോൾ
യേശുവിന്റെ തിരുമാർഗ്ഗമേകാൻ നീ തുണച്ചല്ലോ